(എഫ്) വനം വകുപ്പ് ഉദ്യോഗസ്ഥൻമാരും തദ്ദേശവാസികളും ചേർന്ന് പങ്കാളിത്ത രീതിയിൽ വന പരിപാലനവും വന സംരക്ഷണവും നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി അതാതു പ്രദേശങ്ങളിൽ വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി വനസംരക്ഷണ സമിതികൾ രൂപീകരിച്ചുവരുന്നു. വനം വകുപ്പും, സമിതിയും ചേർന്ന് ഒപ്പിട്ട് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള വനപ്രദേശത്തിന്റെ സംരക്ഷണവും പരിപാലനവും വനം വകുപ്പിന്റേയും സമിതികളുടേയും സംയുക്ത ചുമതലയായിരിക്കും. ഇതിനായി തയ്യാറാക്കി അംഗീകരിക്കപ്പെട്ട സൂക്ഷ്മാസൂത്രണ രേഖ അനുസരിച്ച് സമിതികൾ പ്രവർത്തിക്കുന്നു.

വനത്തിൽനിന്നുള്ള വനാശ്രിത സമൂഹത്തിന്റെ ആവശ്യങ്ങൾ വനത്തിന്റെ നിലനിൽപ്പിന് കോട്ടം തട്ടാത്ത വിധത്തിൽ നടത്തിക്കൊണ്ടുപോകുകയും വന സംരക്ഷണത്തിനും പരിപാലനത്തിനു ഉത്തരവാദിത്തമുള്ളവരായി വനാശ്രിത സമൂഹത്തെ മാറ്റുകയുമാണ് ലക്ഷ്യം.

വനമേഖലയ്ക്കടുത്ത് താമസിക്കുന്നവരുടെ സുരക്ഷ

123 [2547] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, ഡി. സുഗതൻ :
,, സി. പി. മുഹമ്മദ് :
,, കെ. സുധാകരൻ :
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആനയും ഹിംസ്ര മൃഗങ്ങളും ഉള്ള വനങ്ങൾ എവിടെയെല്ലാമാണുള്ളത്;

(ബി) ആനകളിൽ നിന്ന് സംരക്ഷണം നൽകുവാൻ ട്രഞ്ചുകൾ ഉണ്ടാക്കാനുദ്ദേശ്യമുണ്ടോ;

(സി) മഴയത്ത് ഈ ട്രഞ്ചുകൾ മണ്ണൊലിപ്പുമൂലം നികരാനുള്ള സാദ്ധ്യതയുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ വനങ്ങളിലും ആനയും ഹിംസ്രജന്തുക്കളും ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. വർഷാവർഷം മെയിന്റനൻസ് നടത്തി ഇത് പരിഹരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly